# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 സെപ്റ്റംബർ 4

# വാർത്താക്കുറിപ്പ്

## എയ്ഷെയിൽ കോളജുകൾ രജിസ്റ്റർ ചെയ്യണം

കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം നടത്തുന്ന ഓൾ ഇന്ത്യ സർവേ ഓൺ ഹയർ എജ്യുക്കേഷന്റെ (AISHE- എയ്ഷെ) ഭാഗമായി ഇതുവരെ വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാത്ത അഫിലിയേറ്റഡ് കോളജുകൾ aishe.gov.in എന്ന വെബ്സൈറ്റിലൂടെ രജിസ്ട്രേഷൻ ഉടൻ പൂർത്തീകരിക്കണം. വിദ്യാർഥികളുടെ സ്കോളർഷിപ്പ് അപേക്ഷ സമർപ്പിക്കുന്നതിന് എയ്ഷെ കോഡ് നിർബന്ധമാണ്. വിശദവിവരം എയ്ഷെ വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/1632/2019)

## ഓണം അവധി: കോളേജുകൾ സെപ്റ്റംബർ ആറിന് അടയ്ക്കും

മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകൾ ഓണം അവധിക്കായി സെപ്റ്റംബർ ആറിന് അടയ്ക്കും. അവധിക്കുശേഷം സെപ്റ്റംബർ 16ന് തുറക്കും.

(പി.ആർ.ഒ./39/1633/2019)

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ ഐ.എം.സി.എ. (2017 അഡ്മിഷൻ റഗുലർ), ഡി.ഡി.എം.സി.എ. (2014-2016 അഡ്മിഷൻ സപ്ലിമെന്ററി) ജൂലൈ 2019 പരീക്ഷകളുടെ പ്രാക്ടിക്കൽ സെപ്റ്റംബർ 16 മുതൽ അതത് കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ

(പി.ആർ.ഒ./39/1634/2019)

## പരീക്ഷഫലം

2019 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്‌സി. പോളിമർ കെമിസ്ട്രി, അനലിറ്റിക്കൽ കെമിസ്ട്രി, ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി (സി.എസ്.എസ്. റഗുലർ, സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ 18 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1635/2019)

2019 ജൂണിൽ നടന്ന പത്താം സെമസ്റ്റർ ബി.ആർക് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/1636/2019)

## യു.ജി.സി.-നെറ്റ്/ജെ.ആർ.എഫ്. പരീക്ഷ പരിശീലനം

മാനവിക വിഷയങ്ങൾക്കുള്ള യു.ജി.സി.-നെറ്റ്/ജെ.ആർ.എഫ്. പരീക്ഷയുടെ ജനറൽ പേപ്പറിന് വേണ്ടിയുള്ള തീവ്ര പരിശീലന പരിപാടി മഹാത്മാ ഗാന്ധി സർവകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ നടക്കും. സർവകലാശാല കാമ്പസിൽ അവധിദിവസങ്ങളിലാണ് പരിശീലനം. വിശദവിവരത്തിന് ഫോൺ: 0481-2731025.

(പി.ആർ.ഒ./39/1637/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ